പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3595 — 25.06.2013-ൽ മറുപടിയ്ക്ക്

വടക്കൻ ജില്ലകളിലെ വോൾട്ടേജ് ക്ഷാമം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീമതി. കെ. കെ. ലതിക :<br>ഡോ. കെ. ടി. ജലീൽ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിൻെറ വടക്കൻ ജില്ലകളിൽ വോൾട്ടേജ് ക്ഷാമം നിലനില്ക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് പരിഹരിക്കുന്നതിന് പ്രസരണ സംവിധാനം ശക്തിപ്പെടുത്താൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) വടക്കൻ ജില്ലകളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സാങ്കേതിക പഠനത്തിൻെറ അടിസ്ഥാനത്തിൽ താഴെ പറയുന്ന പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും ശേഷി ഉയർത്തുവാനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.<br>1) 110 കെ. വി സബ് സ്റ്റേഷനുകൾ - അറങ്ങോട്ടുകര, ജി. ഐ. എസ് ഗാന്ധി റോഡ്, കോഴിക്കോട്.<br>2) 66 കെ. വി സബ് സ്റ്റേഷൻ കൂത്തുപറമ്പ് 110 കെ. വി ആയി ഉയർത്തൽ.<br>3) 33 കെ. വി സബ് സ്റ്റേഷനുകൾ - പൂക്കോട്ടുപാടം, പേരാമ്പ്ര, ഫറോക്ക്, മേത്തല, അന്നമനട, കാഞ്ഞങ്ങാട്, തിരുവേഗപ്പുര, വൈദ്യുതി ഭവനം - പാലക്കാട്, പോത്തുകല്ല്.<br>ഇതു കൂടാതെ 110 കെ. വി വടകര-തലശ്ശേരി line doubling, കക്കയം-വടകര 110 കെ. വി ലൈൻ, കുറ്റിപ്പുറം-മലാപറമ്പ 110 കെ. വി ലൈൻ, രാമപുരം-മലാപറമ്പ 110 കെ. വി multi circuit line, രാമപുരം-മേലാറ്റൂർ second circuit, 110 കെ.വി ബാരാപ്പോൾ-ഇരിട്ടി ലൈൻ, 33 കെ. വി വിലങ്ങാട്-നാദാപുരം എന്നീ പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. |

(സി) 400 കെ. വി പവർ ഹൈവേ പരിഗണനയിലുണ്ടോ ;

(സി) തിരുനെൽവേലി-ഇടമൺ-കൊച്ചിൻഈസ്റ്റ്-മാടക്കത്തറ-അരീക്കോട്-മൈലാട്ടി-ഉടുപ്പി എന്നീ സ്ഥലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു 400 കെ. വി പവർ ഹൈവേ നിർമ്മിക്കാൻ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പവർ ഗ്രിഡ് കോർപ്പറേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഇത് എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത് ; വിശദമാക്കുമോ ?

(ഡി) തിരുനെൽവേലി-ഇടമൺ, കൊച്ചിൻ ഈസ്റ്റ്-മാടക്കത്തറ എന്നീ ഭാഗങ്ങൾ പൂർത്തിയായിട്ടുണ്ട്. 400 കെ. വി മൈസൂർ-അരീക്കോട് ലൈനിൻെറ പ്രവൃത്തികൾ നടന്നു വരുന്നു. ഇതു കൂടാതെ **Mangalore (Udipi PCL)** - കാസർഗോഡ്-കോഴിക്കോട് (അരീക്കോട്) വരെ ഒരു 400 കെ. വി ലൈൻ വലിയ്ക്കുവാനും കാസർഗോഡിൽ (മൈലാട്ടി) ഒരു 400/220 കെ. വി സബ്സ്റ്റേഷൻ നിർമ്മിയ്ക്കുന്നതിനുമുള്ള പ്രപ്പോസലിന് കേന്ദ്ര ഗവൺമെൻറിൻെറ അനുവാദം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൻെറ അനന്തര നടപടികൾ നടന്നു വരുന്നു. കൂടാതെ കോഴിക്കോട് (അരീക്കോട്) മുതല തൃശ്ശൂർ (മാടക്കത്തറ) വരെ ഈ ലൈൻ (400 കെ. വി) നിർമ്മിയ്ക്കുവാനും പ്രപ്പോസൽ ഉണ്ട്.

**സെക്ഷൻ ഓഫീസർ.**